# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

സി.1/26679/13

തിരുവനന്തപുരം,തൈയ്ക്കാട്
തീയതി ; 24.09.2013

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- 2013 ആഗസ്റ്റിലെ എസ്.സി.വി.ടി, എസ്.സി.വി.ടി (പി.പി.പി.സ്കീം) ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ്- സംബന്ധിച്ച്-

സൂചന:- 1.ഇതേ നമ്പരായ 8/9/13 ലെ അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം
2. സി1/19614/13 നമ്പരായ 19/9/13 ലെ ഈ കാര്യാലയത്തിലെ കത്ത്.

സൂചന ശ്രദ്ധിച്ചാലും. സൂചന (2) പ്രകാരം 2013 ആഗസ്റ്റിലെ എസ്.സി.വി.ടി, എസ്.സി.വി.ടി (പി.പി.പി.സ്കീം) ട്രേഡുകളിലേക്കുള്ള അഡ്മിഷൻ ക്ലോസിംഗ് തീയതി 30/9/13 ആക്കി ദീർഘിപ്പിച്ചിരിക്കുന്നതിനാൽ, അഡ്മിഷൻ ക്ലോസിംഗിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സൂചന (1) പ്രകാരമുള്ള നടപടിക്രമത്തോടൊപ്പം എസ്.സി.വി.ടി ട്രേഡുകളിലെ അഡ്മിഷൻ ക്ളോസിംഗിനായി ഇതോടൊപ്പമുള്ള പുതിയ സമയക്രമ പട്ടിക കൂടി പാലിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ,

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- 1. സൂചന (2) ന്റെ പകർപ്പ്
2. സമയക്രമ പട്ടിക

കോപ്പി:- www.det.kerala.gov.in

## ഗവ.ഐ.ടി.ഐ.കളിലെ എസ്.സി.വി.ടി ട്രേഡുകളിലെ 2013 ആഗസ്റ്റിലെ അഡ്മിഷൻ ക്ലോസിംഗിനായുള്ള പുതുക്കിയ സമയക്രമ പട്ടിക

1 ഗവ.ഐ.ടി.ഐ.കളിൽ അഡ്മിഷൻ ക്ലോസിംഗ് ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ട തീയതി **07/10/13 മുതൽ 11/10/13 വരെ**

2 അഡ്മിഷൻ ക്ലോസിംഗ് വിവരങ്ങൾ (സി.ഡിയും ഹാർഡ് കോപ്പികളും) അഡ്മിഷൻ ക്ലോസിംഗിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ട തീയതി- **21/10/13**

3 നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് ലഭിച്ച വിവരങ്ങൾ ട്രെയിനിംഗ് ഇൻസ്പെകടർമാർ പരിശോധിക്കേണ്ടത് **23/10/13 മുതൽ 26/10/13 വരെ**

4 നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സി.ഡികളും ഹാർഡ് കോപ്പികളും ഡയറക്ടറേററിൽ എത്തിയ്ക്കേണ്ട അവസാന തീയതി **30/10/13**

**(സമയക്രമമനുസരിച്ചുള്ള തീയതി കൃത്യമായി പാലിച്ചിരിയ്ക്കണം)**

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

സി 1/19614/13

തൈയ്ക്കാട്.തിരുവനന്തപുരം
തീയതി: 19/09/13

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-2013 ആഗസ്റ്റിലെ എസ്.സി.വി.റ്റി, എസ്.സി.വി.റ്റി (പി.പി.പി സ്കീം) ട്രേഡുകളിലെ അഡ്മിഷൻ-സംബന്ധിച്ച്-

സൂചന:- സി1/11529/13 നമ്പരായ 22/06/13 ലെ ഈ കാര്യാലയത്തിലെ കത്ത്.

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2013 ആഗസ്റ്റിൽ ആരംഭിച്ച എസ്.സി.വി.റ്റി ട്രേഡുകളിലും എസ്.സി.വി.റ്റിയുടെ കീഴിൽ പി.പി.പി സ്കീം പ്രകാരം അനുവദിച്ച ട്രേഡുകളിലും പ്രവേശനത്തിനു മതിയായ അപേക്ഷകൾ ലഭിച്ചിട്ടില്ല എങ്കിൽ ടി ഐ.ടി.ഐകളിൽ മാത്രം **30/09/13** വരെ വീണ്ടും അപേക്ഷകൾ ക്ഷണിച്ച് അഡ്മിഷൻ നടത്തേണ്ടതാണ്.

ഇപ്രകാരം അപേക്ഷകൾ വീണ്ടും സ്വീകരിക്കുകയാണെങ്കിൽ ടി വിവരങ്ങൾ അതാത് സമയം ഈ കാര്യാലയത്തിൽ അറിയിച്ചിരിക്കേണ്ടതും **30/09/13ന്** അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

D. [signature]

ഡയറക്ടർക്കു വേണ്ടി